പന്ത്രണ്ടാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006–2008)

ഒന്നാമത് റിപ്പോർട്ട്

ഉറപ്പുകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച്
സമിതിയുടെ കണ്ടെത്തലുകളും അഭിപ്രായങ്ങളും
പൊതുശുപാർശകളും ഉൾപ്പെടുത്തി
തയ്യാറാക്കിയിട്ടുള്ളത്

901/2006.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
(2006–2008)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

അംഗങ്ങൾ :

ശ്രീ. എം. ഹംസ
,, എം. ജെ. ജേക്കബ്
,, വർക്കല കഹാർ
,, മത്തായി ചാക്കോ
,, കെ. പി. മോഹനൻ
,, എസ്. രാജേന്ദ്രൻ
,, കെ. കെ. ഷാജു
,, വി. എസ്. സുനിൽ കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എം. സി. വത്സൻ, സെക്രട്ടറി
ശ്രീ. കെ. ആർ. വേണുഗോപാലൻ, ജോയിന്റ് സെക്രട്ടറി
,, പി. സി. സുദർശനൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പന്ത്രണ്ടാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006–08) 2006 ജൂലായ് 13-ാം തീയതി രൂപീകരിക്കപ്പെട്ടു. സമിതിയുടെ പ്രഥമ യോഗം 9-8-2006-ൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മുൻകാല സമിതികളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സമഗ്രമായി പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഉറപ്പുകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച് സമിതിയുടെ കണ്ടെത്തലുകളും അഭിപ്രായങ്ങളും ശുപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2006 സെപ്റ്റംബർ 26-ാം തീയതി ചേർന്ന ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി യോഗം അംഗീകരിച്ച ഈ റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കെ. കുട്ടി അഹമ്മദ് കുട്ടി,

ചെയർമാൻ,
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2006 ഒക്ടോബർ 4.

# റിപ്പോർട്ട്

ആധുനിക കാലത്തെ നിയമസഭാ പ്രവർത്തനം വൈവിധ്യമേറിയതും സങ്കീർണ്ണവുമാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുള്ള സമയമാകട്ടെ വളരെ പരിമിതവും. എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സഭ മുമ്പാകെ വരുന്ന നിയമ നിർമ്മാണപരവും അല്ലാത്തതുമായ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനുമാണ് നിയമസഭാ സമിതികൾ രൂപീകരിക്കുന്നത്. പാർലമെന്ററി ഭരണസംവിധാനത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമായ ഒരു ഉപാധിയുമാണിത്.

2. പന്ത്രണ്ടാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006 08) 2006 ജൂലായ് 13-ാം തീയതി രൂപീകരിക്കപ്പെട്ടു. സമിതിയുടെ പ്രഥമ യോഗം 9-8-2006 ൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മുൻകാല സമിതികളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സമഗ്രമായി പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഉറപ്പുകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച് സമിതിയുടെ കണ്ടെത്തലുകളും അഭിപ്രായങ്ങളും പൊതു ശുപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

3. അനൗദ്യോഗിക ബില്ലുകളും, അനൗദ്യോഗിക പ്രമേയങ്ങളും സംബന്ധിച്ച ഉറപ്പുകൾ, വാഗ്ദാനങ്ങൾ, ഏറ്റ കാര്യങ്ങൾ എന്നിവ അല്ലാതുള്ള അതതു സമയം സഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ, ഏറ്റ കാര്യങ്ങൾ മുതലായവ പരിശോധിക്കുകയും അങ്ങനെയുള്ള ഉറപ്പുകൾ, വാഗ്ദാനങ്ങൾ, ഏറ്റ കാര്യങ്ങൾ മുതലായവ എത്രത്തോളം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും അവ നടപ്പിൽ വരുത്തിയിട്ടുള്ള പക്ഷം അക്കാര്യത്തിൽ ആവശ്യമുള്ള ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെയാണോ നടപ്പാക്കിയിട്ടുള്ളതെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമാണ് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പ്രധാന ചുമതല.

4. സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ യഥാസമയം പാലിക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തുന്നുവെന്ന കാര്യം ആവർത്തിച്ച് ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും ഉറപ്പുകളുടെ നിർവ്വഹണം സംബന്ധിച്ച വിവരം സമിതിയെ അറിയിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി മൂന്നുമാസം എന്നുള്ളതിന് പകരം പലപ്പോഴും മാസങ്ങളും വർഷങ്ങളും തന്നെ എടുക്കാറുണ്ട്. ഈ കാലതാമസം കൊണ്ടുതന്നെ പല ഉറപ്പുകളുടേയും പ്രസക്തി നഷ്ടപ്പെടുകയും ചിലത് പ്രയോജനരഹിതമായിത്തീരുകയും ചെയ്യും.

5. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരം മിക്കവാറും അന്നേദിവസം തന്നെ ലഭിക്കാറുണ്ടെങ്കിലും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടി പലതും വളരെ അധികം വൈകിയാണ് ലഭിക്കുന്നത്. വർഷങ്ങൾക്കുശേഷം ഉത്തരം ലഭിക്കുമ്പോൾ ആ ചോദ്യത്തിന്റെ കാലികപ്രസക്തി നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കും. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് നൽകുന്ന പ്രാധാന്യം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് അവ സഭാതലത്തിൽ വരുന്നില്ല എന്ന കാരണത്താൽ ലഭിക്കാതെ പോകുന്നത് ശരിയല്ല. അവ ഉന്നയിച്ച അംഗങ്ങൾ രേഖാമൂലം സ്പീക്കർക്കെഴുതിക്കൊടുത്താൽ തന്നെയും ഉത്തരങ്ങൾ ലഭിക്കാതിരിക്കുന്ന അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഉത്തരം ലഭ്യമാക്കുന്നതിന് നിയമസഭാ ചട്ടങ്ങളിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.

അവ നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കും എന്ന ഉദ്ദേശശുദ്ധിയാലാകണം അങ്ങനെ സമയപരിധി നിശ്ചയിക്കാതിരുന്നത്. ചോദ്യങ്ങളുടെ ഉത്തരങ്ങൾ അവ ഉന്നയിക്കപ്പെടുന്ന ദിവസം സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെടുന്നതായും ആ ദിവസത്തെ നിയമസഭാ രേഖകളുടെ ഭാഗമായിത്തീരുന്നതായുമാണ് കണക്കാക്കപ്പെടുന്നത്. ഉറപ്പുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് നൽകുന്നതിന് മൂന്നുമാസത്തെ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ സംസ്ഥാനാടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു നൽകേണ്ടവ ഒഴികെയുള്ള ചോദ്യങ്ങളുടെ മറുപടികൾ ഒരു മാസത്തിനുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് നിയമസഭാ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് സമിതി കരുതുന്നു.

6. ഉറപ്പുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒഴിവാക്കാവുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചുവരുമ്പോൾ അപലപനീയമായ അലംഭാവവും ഉദാസീനതയും നിഷേധാത്മകസമീപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി സമിതിക്ക് പലപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവണതയ്ക്കെതിരെ മുൻകാല സമിതികൾ നിശിതമായി വിമർശനം നടത്തിയിരുന്നെങ്കിലും ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മേൽനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചു കൊടുക്കുന്നു. എന്നാൽ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വർഷങ്ങൾ കഴിഞ്ഞാലും കാര്യമായ മേൽനടപടികൾ സ്വീകരിച്ചു വരുന്നതായി കാണുന്നില്ല. ചില ഉറപ്പുകൾക്കും ശുപാർശകൾക്കും സമയബന്ധിതമായി നടപടി സ്വീകരിച്ചാൽ തന്നെയും പ്രസ്തുത വിവരം നിയമസഭാ സമിതിയെ യഥാസമയം അറിയിക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്താറുണ്ട്. ഇത് സമിതിയുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. ആയതിനാൽ ഉറപ്പുകൾ സംബന്ധിച്ച സമിതി സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേലും ഗവൺമെന്റ് നൽകുന്ന ഉറപ്പുകളിന്മേലും സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് യഥാസമയം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ആവർത്തിച്ച് ആവശ്യപ്പെടുന്നു.

7. ഉറപ്പുകൾ പാലിക്കുന്നതിനും നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് സമിതിയെ അറിയിക്കുന്നതിനും ചട്ടപ്രകാരം അനുവദിച്ചിട്ടുള്ളത് മൂന്ന് മാസമാണെങ്കിലും ചില ഉറപ്പുകൾക്ക് വർഷങ്ങൾക്ക് ശേഷം ലഭിക്കുന്ന മറുപടികൾ അപൂർണ്ണവും അവ്യക്തവും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുക്കാതെയുള്ളതുമാണ്. 9, 10 നിയമസഭകളിലെ സമ്മേളനങ്ങളിൽ നൽകിയിട്ടുള്ള സുപ്രധാനങ്ങളായ നിരവധി ഉറപ്പുകൾക്കും ''നടപടി സ്വീകരിക്കും'', ''പരിശോധിക്കും'', ''വിവരം ശേഖരിച്ചുവരുന്നു'' എന്നു പറയുന്നതല്ലാതെ അതിന്മേൽ അന്തിമ മറുപടികൾ നൽകി തീർപ്പുകല്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ വിവിധ വകുപ്പുകൾ തയ്യാറാകുന്നില്ല എന്നതിൽ സമിതി കടുത്ത ഉൽകണ്ഠ രേഖപ്പെടുത്തുന്നു.

8. ഉറപ്പുകളുടെ നിർവ്വഹണം നിശ്ചിതസമയത്തിനുള്ളിൽത്തന്നെ നടത്തുന്നതിനും അതു സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനും ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ആവർത്തിച്ച് ആവശ്യപ്പെടുന്നു. ഉറപ്പുകളുടെ നിർവ്വഹണം സംബന്ധിച്ച സർക്കാർ റിപ്പോർട്ടിന്മേൽ സമിതി

ആവശ്യപ്പെടുന്ന വിശദീകരണങ്ങൾക്കും അധികവിവരങ്ങൾക്കും പലപ്പോഴും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ വൈമുഖ്യം കാണിക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇത് സമിതിയുടെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നത് വസ്തുതയാണ്. ആയതിനാൽ ഇത്തരം നിരുത്തരവാദപരവും നിഷേധാത്മകവുമായ സമീപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

9. ഉറപ്പുകൾ നൽകികഴിഞ്ഞ് അവയുടെ നിർവ്വഹണം സംബന്ധിച്ച് വർഷങ്ങളോളം യാതൊരു റിപ്പോർട്ടും നിയമസഭാ സമിതിക്ക് നൽകാതെ വളരെക്കാലത്തിനുശേഷം ഇനി ആ ഉറപ്പിന് മറുപടി നൽകേണ്ടതുണ്ടോ എന്ന് അന്വേഷിക്കുന്നരീതി ചില വകുപ്പുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. ഉറപ്പുകളുടെ നിർവ്വഹണം സംബന്ധിച്ച മറുപടി യഥാസമയം നൽകിയിരുന്നുവെങ്കിൽ ഈ ദീർഘകാല പ്രശ്നം ഉണ്ടാകുമായിരുന്നില്ല. വളരെക്കാലം ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകാതിരുന്നശേഷം കാലപ്പഴക്കത്തിന്റെ കാരണം പറഞ്ഞ് റിപ്പോർട്ട് നൽകാനുള്ള ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറുന്ന പ്രവണത അഭികാമ്യമല്ല. കാലപ്പഴക്കം സൃഷ്ടിക്കുകയും അതേ കാലപ്പഴക്കത്തിന്റെ കാരണം പറഞ്ഞ് ഉറപ്പിന്റെ നിർവ്വഹണം സാധ്യമല്ലാതായിത്തീർന്നിരിക്കുന്നുവെന്നും വാദിക്കുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഉറപ്പുകൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യം ചെയ്യണമെന്നും ഉറപ്പിന്റെ നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് അവ എത്ര പഴക്കമേറിയതായാലും സമിതി അതിന്മേൽ അന്തിമ തീർപ്പ് കല്പിക്കുന്നതുവരെ നിർബന്ധമായും ലഭ്യമാക്കുകതന്നെ വേണമെന്നും സമിതി ആവശ്യപ്പെടുന്നു.

10. 9-ാം കേരള നിയമസഭയിലെ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഉറപ്പുകളുടെ പട്ടിക പരിശോധിച്ചപ്പോൾ വളരെ എളുപ്പത്തിൽ തന്നെ ചെയ്തു തീർക്കാൻ സാധിക്കുന്ന ജനോപകാരപ്രദങ്ങളായ പല സുപ്രധാന ഉറപ്പുകളുടെയും നിർവ്വഹണം അനന്തമായി നീളുന്നതിന് കാരണം ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥയും അശ്രദ്ധയുംമൂലമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഭാവിയിലെങ്കിലും ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അവരുടെ ഉത്തരവാദിത്വം ഗൗരവമായി നിർവ്വഹിക്കണമെന്നും അതോടൊപ്പം മന്ത്രിതലത്തിലുള്ള സത്വര ശ്രദ്ധകൂടി പതിയേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. നിയമസഭയിൽ ഉന്നയിക്കുന്ന പല പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും "വിവരം ശേഖരിച്ചുവരുന്നു" എന്ന താൽക്കാലിക മറുപടിയാണ് ലഭിക്കാറുള്ളത്. ഒരു നിയമസഭയുടെ കാലാവധി കഴിയുന്നതുവരെ ഉത്തരം ലഭ്യമാക്കാതിരിക്കുകയും നിയമസഭയുടെ കാലാവധി കഴിഞ്ഞു എന്ന കാരണത്താൽ മറുപടി നൽകേണ്ടതില്ല എന്ന സമീപനം ചില വകുപ്പുകളെങ്കിലും സ്വീകരിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ "വിവരം ശേഖരിച്ചുവരുന്നു" എന്ന താൽക്കാലിക മറുപടി ഒരു ഉറപ്പായിട്ടു തന്നെയാണ് ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിക്കുന്നത്. ഈ ഉറപ്പിന് അനുസൃതമായിട്ടുള്ള മറുപടിയാണ് ലഭിക്കേണ്ടത്. പ്രസ്തുത മറുപടികൾ പരിശോധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പുകൾ പാലിച്ചു കഴിഞ്ഞോ എന്ന്

പരിശോധിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചുമതലയാണ്. പൊതുജനോപകാരപ്രദവും സത്വരശ്രദ്ധ പതിയേണ്ടവയുമാണെന്ന് ഉത്തമബോധ്യമുള്ളതും മന്ത്രിമാർ നിയമസഭയിൽ വ്യക്തമായ ഉറപ്പ് നൽകിയിട്ടുള്ളതുമായ ഉറപ്പുകൾപോലും അവ നടപ്പിലാക്കുന്നതിനോ അന്തിമ മറുപടി നൽകുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നു എന്ന അവസ്ഥയ്ക്ക് മാറ്റം വരേണ്ടതാണ്.

12. പൊതുജനോപകാരപ്രദവും സത്വരശ്രദ്ധ പതിയേണ്ടതുമായ ഉറപ്പുകൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവ അടിയന്തിരമായി നടപ്പിലാക്കാൻ ഫലപ്രദവും ശക്തവുമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. സർക്കാരിന്റെ പല വകുപ്പുകളും ഉറപ്പുകൾ അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യുന്നില്ലെന്ന് സമിതി കരുതുന്നു. കാരണം ഉറപ്പുകൾ നൽകി അഞ്ചും ആറും വർഷങ്ങൾക്കുശേഷം ലഭിക്കുന്ന മറുപടികൾ പലതും അപൂർണ്ണവും അവ്യക്തവും സംശയാസ്പദവുമാണ്. പലപ്പോഴും ഉറപ്പിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ മുഴുവനും സ്പർശിക്കാത്ത ഭാഗികമായ മറുപടികൾ മാത്രമാണ് ലഭിക്കുന്നത്. അതിനാൽ കൃത്യസമയത്ത് മറുപടി നൽകുന്നതോടൊപ്പം അവ വ്യക്തവും പൂർണ്ണവും ഉറപ്പിൽനിന്നുളവാകുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നതുമായിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട ചില സുപ്രധാന വിഷയങ്ങൾ നിയമസഭയിൽ ഉന്നയിക്കപ്പെടുമ്പോൾ അത് അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കപ്പെടാതെപോകുന്നു. സർക്കാരിന്റെ സത്വര ശ്രദ്ധപതിയേണ്ടതും സമൂഹമനസ്സാക്ഷിയെ സ്പർശിക്കുന്നതുമായ വിഷയങ്ങൾക്ക് മറുപടി തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട അധികൃതർ കേവലമായ സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറാതെ സാമൂഹ്യപ്രതിബദ്ധതയോടെ വിഷയം കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

15. ജനോപകാരപ്രദങ്ങളായ നിരവധി പദ്ധതികൾ വർഷങ്ങളോളം പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നതിന് കാരണം വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനം ഏകോപിതമായി മുന്നോട്ട് കൊണ്ടുപോകാത്തതുകൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. പത്താം കേരള നിയമസഭയുടെ 8-ാം സമ്മേളനത്തിലെ പമ്പാനദി സംരക്ഷണം സംബന്ധിച്ച 31-ാം നമ്പർ ഉറപ്പിന്മേലുള്ള നടപടികൾ അനന്തമായി വൈകുന്നതും ഒൻപതാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ തലപ്പിള്ളി താലൂക്കിൽ പട്ടികജാതിക്കാർക്ക് പതിച്ചുനൽകിയ ഭൂമി അന്യാധീനപ്പെട്ടതു സംബന്ധിച്ച ഉറപ്പിന്മേലുള്ള നടപടികൾ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നതും വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവംകൊണ്ടാണ്. ആയതിനാൽ ജനോപകാരപ്രദങ്ങളായ പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും അവ ജനങ്ങൾക്ക് പ്രയോജനകരമായിത്തീർക്കുന്നതിനും വിവിധ വകുപ്പുകൾ അവരുടെ പ്രവർത്തനം ഏകോപിപ്പിച്ചു നടത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. നിയമസഭാ ചോദ്യങ്ങൾക്കുള്ള താൽക്കാലിക മറുപടികൾക്ക് പൂർണ്ണ വിവരങ്ങളടങ്ങുന്ന മറുപടികൾ അതാതു സമ്മേളനങ്ങൾ അവസാനിക്കുന്നതിനുമുമ്പ് നൽകേണ്ടതാണെന്നും അതിന് കഴിയാത്തപക്ഷം സമ്മേളനം സമാപിച്ച് മൂന്ന് മാസത്തിനകമെങ്കിലും നിർബന്ധമായും നൽകേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

അതുപോലെതന്നെ ഏതെങ്കിലും ഉറപ്പ് നടപ്പാക്കാൻ അനുവദിച്ചിട്ടുള്ള നിശ്ചിതസമയം മതിയാവുകയില്ല എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കൂടുതൽ സമയം ലഭിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിന് സമിതിയോട് അഭ്യർത്ഥിക്കാവുന്നതുമാണ്.

17. ഉറപ്പുകളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ടവർ കാണിക്കുന്ന അലംഭാവവും ഉദാസീനതയും നിമിത്തം ഉറപ്പുകളുടെ പ്രസക്തിതന്നെ നഷ്ടപ്പെടുകയും ഇത് സമിതിയുടെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ അന്തിമ മറുപടി നൽകുന്നതിലുണ്ടാകുന്ന കാലതാമസം കർശനമായും ഒഴിവാക്കേണ്ടതാണെന്നും നിശ്ചിതസമയം കഴിഞ്ഞ് മൂന്നിലധികം ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും ഗവൺമെന്റിൽനിന്നും മറുപടി ലഭിക്കാതെ വരികയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻമാർ സമിതിയുടേയും നിയമസഭയുടേയും കൃത്യനിർവ്വഹണത്തിന് വിഘ്നം സൃഷ്ടിക്കുന്നതായി പരിഗണിച്ച് അവകാശലംഘനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

18. ചോദ്യങ്ങൾക്ക് ഉത്തരമായി "വിവരം ശേഖരിച്ചുവരുന്നു" എന്ന താൽക്കാലിക മറുപടി നൽകുകയും വിവര ശേഖരണം അനന്തമായി നീളുകയും ചെയ്യുന്നത് ഖേദകരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാലതാമസം കൂടാതെ അവയ്ക്ക് പൂർണ്ണ മറുപടികൾ ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട വകുപ്പുകളെ സമിതി ഓർമ്മപ്പെടുത്തുന്നു. ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമത വർദ്ധിപ്പിച്ച് ഉറപ്പുകൾ പ്രാവർത്തികമാക്കുമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ തന്നെ സമിതിക്ക് നൽകാൻ ഇനിമുതൽ ജാഗ്രത പുലർത്തുമെന്നും സമിതി പ്രതീക്ഷിക്കുന്നു.

19. ഓരോ സമ്മേളനം കഴിയുമ്പോഴും സഭാതലത്തിൽ നൽകപ്പെടുന്ന ഉറപ്പുകൾ എത്രത്തോളം പാലിക്കപ്പെടുന്നുവെന്നും പാലിക്കപ്പെടാത്ത ഉറപ്പുകൾ എത്രയെന്നും പരിശോധിക്കാനുള്ള നടപടികളുണ്ടാകണം. ജനങ്ങൾക്കുവേണ്ടി നിയമസഭയിൽ എം.എൽ.എ. മാർ ഉന്നയിക്കുന്ന പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുതകുന്ന രീതിയിൽ കമ്മിറ്റിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുള്ള പൂർണ്ണ സഹകരണവും പിന്തുണയും സമിതി പ്രതീക്ഷിക്കുന്നു.

കെ. കുട്ടി അഹമ്മദ് കുട്ടി,

ചെയർമാൻ,

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ

സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

സെപ്റ്റംബർ 26, 2006.